"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - 2017-2018-ലെ സാമ്പത്തിക വർഷത്തിൽ സർക്കാർ പിൻവലിച്ച 452.23 ലക്ഷം രൂപയിൽ ആഡിറ്റോറിയം നവീകരണത്തിന്റെ പൂർത്തീകരണത്തിനായി 200 ലക്ഷം രൂപ കിലയ്ക്ക് തിരിച്ചു നൽകുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.977/2021/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 08/05/2021

---

പരാമർശം:- 1 08.02.2021-ലെ G.O. (Rt) No. 326/2021/LSGD നമ്പർ ഉത്തരവ്.

2 കില ഡയറക്ടർ ജനറലിന്റെ 17.12.2020, 20.03.2021 എന്നീ തീയതികളിലെ KILA/2017/101/3403 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

കിലയുടെ 2017-2018-ലെ ആന്വൽ പ്ലാൻ സ്കീമിൽ ഉൾപ്പെട്ട "Repair & Maintenance of Existing Auditorium" എന്ന പ്രവൃത്തിക്ക് 300 ലക്ഷം രൂപയിൽ നിന്നും 353.35 ലക്ഷം (അധികരിച്ച തുക 53.35 ലക്ഷം രൂപ) രൂപയുടെ പുതുക്കിയ ഭരണാനുമതി നല്കി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

(2) 2017-2018-ലെ സാമ്പത്തിക വർഷത്തിൽ 27.03.2018-ന സർക്കാർ പിൻവലിച്ച 452.23 ലക്ഷം രൂപയിൽ ആഡിറ്റോറിയം നവീകരണത്തിന്റെ പൂർത്തീകരണത്തിനായി 200 ലക്ഷം രൂപ കിലയ്ക്ക് തിരിച്ചു നൽകുന്നതിന് അനുമതി നല്കണമെന്ന് പരാമർശം (2) പ്രകാരം കില ഡയറക്ടർ ജനറൽ ആവശ്യപ്പെട്ടിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 27.03.2018-ന് സർക്കാർ പിൻവലിച്ച 452.23 ലക്ഷം രൂപയിൽ ആഡിറ്റോറിയം നവീകരണത്തിന്റെ പൂർത്തീകരണത്തിനായി 200 ലക്ഷം രൂപ 2515-00-003-99-36 (P) എന്ന ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കിലയ്ക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ഡയറക്ടർ ജനറൽ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ.ജി.&എസ്.എസ്.എ.), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (03.04.2021-ലെ Dev-2/57/21-Fin (1713028) പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.